# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5629 — 02.07.2019-ൽ മറുപടിക്ക്

### ഇരട്ടക്കുട്ടികൾ മരണപ്പെട്ട ആദിവാസി യുവതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | മാസം തികയാതെ പ്രസവിച്ച ആദിവാസി യുവതിയുടെ ഇരട്ടക്കുട്ടികൾ വെള്ളറടയിൽ മരണപ്പെട്ട സാഹചര്യം പരിശോധിക്കുകയുണ്ടായോ; | എ) | പരിശോധിക്കുകയുണ്ടായി. അമ്പൂരി ഗ്രാമപഞ്ചായത്ത് പുരവിമല കാണി സെറ്റിൽമെന്റിലെ കുടുംബവീട്ടിൽ വച്ചാണ് 18.06.2019-ാം തീയതിയിൽ ആശ എന്ന യുവതിയുടെ പ്രസവം നടന്നിരിക്കുന്നത്. ടിയാൾ പ്രായപൂർത്തിയാകും മുൻപേ മറ്റൊരു ആദിവാസി യുവാവുമായി ഒരുമിച്ച് തൊട്ടടുത്ത് തമിഴ്നാട് സംസ്ഥാനത്തെ കന്യാകുമാരി ജില്ലയിലെ മോതിരമല എന്ന സ്ഥലത്താണ് കഴിഞ്ഞുവന്നത്. പ്രസവത്തിന് വേണ്ടിയാണ് പുരവിമലയിലെ വീട്ടിലേക്ക് എത്തിയത്. ആശയ്ക്ക് പ്രായപൂർത്തിയാകാത്തതു കൊണ്ട് പ്രസവം അവർ രഹസ്യമാക്കി വച്ചതായി അന്വേഷണത്തിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) | വാഹനങ്ങൾക്ക് സഞ്ചരിക്കാൻ കഴിയാത്ത വിധം തകർന്ന റോഡിന്റെ ദുരവസ്ഥ കാരണം യഥാസമയം യുവതിക്ക് ചികിത്സ ലഭ്യമാക്കാനായില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) യും സി) യും | അമ്പൂരി ടൗണിൽ വേഗത്തിൽ എത്തുന്നതിന് ഈ ഭാഗത്തെ ജനങ്ങൾ ഉപയോഗിക്കുന്നത് പുരവിമലയിൽ നിന്നും ഏകദേശം ഒന്നര കിലോമീറ്റർ കടവ് വരെയുള്ള മൺപാതയാണ്.<br>ആശയ്ക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കുന്നതിനു വേണ്ടി എസ്.റ്റി. പ്രമോട്ടറും ആരോഗ്യ വകുപ്പ് ജീവനക്കാരും കൂടി 2 കിലോമീറ്ററോളം ദൂരം കസേരയിൽ കടവ് വരെ എത്തിക്കുകയും അവിടെ നിന്നും വള്ളത്തിൽ അമ്പൂരി ടൗണിലേക്ക് എത്തിക്കുകയും ചെയ്തു. |
| സി) | നാട്ടുകാർ കമ്പുകൾ വലിച്ച് കെട്ടിയ കസേരയിലിരുത്തി അഞ്ച് കിലോ മീറ്ററിലധികം കാട്ടിലൂടെ ചുമന്നും പിന്നീട് വള്ളത്തിൽ കിടത്തിയുമാണ് ആശ എന്ന യുവതിയെ റോഡ് വരെ എത്തിച്ചതെന്ന കാര്യം പരിശോധി ക്കുകയുണ്ടായോ; | | |
| ഡി) | അതീവ ഗുരുതരമായ ഈ സാഹചര്യത്തെ സർക്കാർ എങ്ങിനെ യാണ് നോക്കിക്കാണുന്നത്; വിശദാംശ ങ്ങൾ ലഭ്യമാക്കുമോ? | ഡി) | പ്രസവം വരെ യുവതി തമിഴ്നാട്ടിൽ ആയിരുന്നതും ടിയാൾ ഗർഭിണിയാണെന്ന വിവരം അറിയിക്കാ തിരുന്നതു കൊണ്ടുമാണ് സർക്കാർ സംവിധാന ങ്ങൾക്ക് യഥാസമയം ഇടപെടാൻ കഴിയാതിരുന്ന സാഹചര്യം ഉണ്ടായത്. നിലവിൽ ആദിവാസി |

| | | | |
|---|---|---|---|
| | | | മേഖലകളിലെ ജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് കാര്യക്ഷമമായ ഇടപെടലുകളുടെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മൊബൈൽ മെഡിക്കൽ യൂണിറ്റിലെ ഡോക്ടറും സംഘവും പ്രദേശത്ത് ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ മായം സി.എച്ച്.സി.യിലെ ഡോക്ടർ മാസത്തിലൊരിക്കൽ ഈ പ്രദേശത്ത് ക്യാമ്പ് സംഘടിപ്പിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**